entri

# Current affairs 29 Aug 2025

### ദേശീയ കായിക ദിനം

ആഗസ്റ്റ് 29

- ഹോക്കി ഇതിഹാസമായ മേജർ ധ്യാൻ ചന്ദിന്റെ ജന്മദിനമായ ആഗസ്ത് 29 ഇന്ത്യ ദേശീയ കായിക ദിനമായി ആചരിക്കുന്നു.

---

### 3.5 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതി

പ്രധാൻ മന്ത്രി വികസിത് ഭാരത് റോജ്ഗർ യോജന (PMVBRY)

- പ്രധാനമന്ത്രി നരേന്ദ്ര മോദി 2025ലെ തന്റെ സ്വാതന്ത്ര്യദിന പ്രസംഗത്തിലാണ് പദ്ധതി പ്രഖ്യാപിച്ചത്.
- ആഗസ്റ്റ് 15 മുതൽ പ്രാബല്യത്തിൽ വന്ന ഈ പദ്ധതി, ആദ്യമായി ജോലി ചെയ്യുന്നവരെയും സ്വകാര്യ മേഖലയിലെ തൊഴിലുടമകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു.
- ഈ സംരംഭത്തിന് കീഴിൽ, സ്വകാര്യ മേഖലയിൽ ആദ്യമായി ജോലി നേടുന്ന ഏതൊരാൾക്കും സർക്കാരിൽ നിന്ന് നേരിട്ട് 15,000 രൂപ ലഭിക്കും, കൂടാതെ അധിക ജീവനക്കാരെ നിയമിക്കുന്ന തൊഴിലുടമകൾക്ക് ഓരോ പുതിയ ജീവനക്കാരനും പ്രതിമാസം 3,000 രൂപ വരെ ലഭിക്കും.

---

### ഇന്ത്യയുടെ ആദ്യ എഐ അധിഷ്ഠിത മീഡിയം ആൾട്ടിറ്റ്യൂഡ് ലോങ് എൻഡ്യുറൻസ് (MALE) കോംബാറ്റ് ഡ്രോൺ

കാലഭൈരവ്

- ബെംഗളൂരുവിലെ ഫ്ളൈയിങ് വെഡ്ജ് ഡിഫൻസ് ആന്റ് എയറോസ്പേസ് (FWDA) ആണ് ഡ്രോൺ വികസിപ്പിച്ചത്.

---

### ബോക്സിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (ബിഎഫ്ഐ) പ്രസിഡന്റായി തുടർച്ചയായി മൂന്നാം തവണയും തിരഞ്ഞെടുക്കപ്പെട്ടത്

അജയ് സിംഗ്

---

### യുറാനസിന്റെ 29-ാമത്തെ ഉപഗ്രഹമായ S/2025 U1 കണ്ടെത്തിയ നാസയുടെ ബഹിരാകാശ ദൂരദർശിനി

ജെയിംസ് വെബ്



മേജർ ധ്യാൻ ചന്ദ്






അജയ് സിംഗ്



4.8 ★ Download the app now | Learn in Malayalam